
# ചിമിഴ്



MARY QUEENS HS
KUDIYANMALA

# ഇതളുകളിൽ

1) വിൽക്കാനുണ്ട് (കവിത) അനിശ്രീ പി. എസ്

2) കാത്തിരിപ്പ് (കഥ)ദിൽന ബെന്നി

3)ലഹരി അരങ്ങു വാഴുന്ന കേരളം (ഉപന്യാസം) ഡാനിസെബാസ്റ്റ്യൻ

4) അമ്മ (കവിത) ആവണി കെ ആർ

5)ഞങ്ങളും മനുഷ്യരാണ് (നാടകം) അനിശ്രീ പി. എസ്

6)പ്രതീക്ഷ (കവിത) അമലാ ബിജു

7) വേദനയുടെ മടക്കയാത്ര (കഥ) അനിശ്രീ പി. എസ്

8)മഴ (കവിത) അഞ്ജന കെ ആർ

9)ഭൂമിയുടെ നൊമ്പരം (കവിത) അയോണ സജീവ്

10)മനുഷ്യനാൽ പിറന്ന കൊലയാളി(ഉപന്യാസം) ഡോണാ തെരേസ

11) വെള്ളം (കവിത) ജ്യോതിക ജയകുമാർ

# ആശംസ



മേരി ക്വീൻസിലെ കുട്ടികൾ അണിയിച്ചൊരുക്കുന്ന വരകളുടെയും വർണ്ണങ്ങളുടെയും മനോഹര ലോകം എന്നും കൗതുകം ഉണർത്തുന്നതാണ്. കാലത്തിനനുസരിച്ച് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാനായി പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സിലെ കുട്ടികളുടെ അധ്വാനം അഭിനന്ദനമർഹിക്കുന്നു. 2023-24 അധ്യയന വർഷത്തെ സ്കൂൾ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകൾ നേരുന്നു

സ്കൂൾ മാനേജർ

റവ. ഫാദർ പോൾ വള്ളോപ്പിള്ളി

# ആശംസ



വാക്കുകൾ സർഗ്ഗതാളങ്ങളായി...
വായനയുടെ നിറച്ചാർത്തിലേക്ക്....
വർണ്ണം ചാലിച്ച വർണ്ണനകളുടെ
ലോകത്തിലേക്ക് ഇന്നിന്റെ
നവമുകുളങ്ങളായ നിങ്ങൾ
സ്രഷ്ടാക്കളാകുന്നു മേഘങ്ങൾ ഭൂമിയെ
ചുംബിക്കുന്ന - കണ്ണൂരിന്റെ മൂന്നാറായ
പൈതൽമലയുടെ അടിവാരത്തിൽ സ്ഥിതിചെയ്യുന്ന മേരി
ക്വീൻസ് ഹൈസ്കൂളിലെ കൂട്ടു കാരുടെ സർഗ്ഗസൃഷ്ടിയായ
**ചിമിഴിന്** ആശംസകൾ....
ഹൃദയഹാരിയായ രചനകളാൽ തങ്ങളുടെ കഴിവ് തെളിയിച്ച
എല്ലാ കൂട്ടു കാർക്കും ആശംസകൾ...

തുടർന്നും നവോന്മേഷത്തോടെ പുത്തൻ ആശയങ്ങളെ
ആസ്വാദക ഹൃദയങ്ങളിലേക്ക് പകർത്താൻ നിങ്ങൾക്ക്
കഴിയട്ടെ.

കൊഴിഞ്ഞു വീഴുന്ന കാലത്തിൻ്റെ ബാക്കിപത്രമായി ഓർമ്മ
ച്ചെപ്പിൽ സൂക്ഷിക്കാൻ കൊച്ചുകൂട്ടുകാരുടെ ഈ രചനകൾക്ക്
സാധിക്കട്ടെ

സ്നേഹാശംസകളോടെ
ഹെഡ് മിസ്ട്രസ്സ്
മഞ്ജു ജെയിംസ്

# EDITORIAL BOARD



**SHON JESSAN**



**DON JOSE KURIYAN**



**ARON ANISH**



**CHRISTO SEBASTIAN**



**DONA THERESA**



**ANJALA MARY MATHEW**

# എഡിറ്റോറിയൽ

വരഞ്ഞതൊക്കെയും
മായ്ച്ചു കളയുന്ന മഷിത്തണ്ടു പോലെ
കാലം
ഓർമ്മകളെ മായ്ച്ചു കളയാതിരിക്കാനായി
ഈ കുഞ്ഞിളം പട്ടങ്ങൾ
ഓരോ വരയും വരിയും
ഈ കുന്നിമണിച്ചെപ്പിൽ ഒളിപ്പിച്ചു
സമർപ്പിക്കുന്നു..






ക്രിസ്റ്റോ സെബാസ്റ്റ്യൻ



പ്രകൃതി സൗന്ദര്യം കൊണ്ട് പൂക്കൾ പെറ്റ
പൈതൽ മലയുടെ അടിവാരത്തിൽ സ്ഥിതി ചെയ്യുന്ന മേരി ക്വീൻസ് കുടിയാൻമലയുടെ സാംസ്കാരിക ദീപസ്തംഭമാണ് .
കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ ഏരുവേശ്ശി പഞ്ചായത്തിൽപ്പെട്ട കുടിയാൻ മലയിലെ മേരി ക്വീൻസ് ഹൈസ്ക്കൂൾ1976 ജൂൺ ഒന്നിന് സ്ഥാപിതമായി. അനുഗ്രഹീതമായ വ്യക്തിപ്രഭാവം കൊണ്ട് കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലകളിൽ ഇന്നും നിറഞ്ഞു നിൽക്കുന്ന
റവ .ഫാദർ .തോമസ് തൈത്തോട്ടമായിരുന്നു ഈ സ്ക്കൂളിന്റെ സ്ഥാപക മാനേജർ. പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. കെ.എ യോഹന്നാന്റെ ആത്മാർത്ഥതയും അർപ്പണ മനോഭാവവും മികച്ച നേതൃത്വവു0 പിൻഗാമികൾക്കെല്ലാം മാതൃകയായി. പാഠ്യമേഖലകളിൽ മികവു തെളിയിച്ച അനവധി വിദ്യാർത്ഥികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവന സന്നദ്ധരായി സ്ക്കൂളിന്റെ യശ്ശസ്സുയർത്തുന്നു. കൂടാതെ കലാകായിക രംഗങ്ങളിലും ഈ വിദ്യാലയം സജീവമായി നിലനിൽക്കുന്നു.

# വിൽക്കാനുണ്ട്

-അനിശ്രീ പി.എസ്



കടൽ പോൽ കലങ്ങിയ
കണ്ണുകളെന്റേത്...
നിഴൽ പോലിരുണ്ട
മുഖമെന്റേത്
ചുള്ളിക്കമ്പുപോലെൻ
മൃതമാം ദേഹം...
ഹൃദയത്തിൻ താളുകളിൽ
ദുഖങ്ങൾ തുന്നിച്ചേർത്ത അറയുണ്ടെനിക്ക്!
കണ്ണീരാൽ ഞാനെഴുതും
കത്തുകൾ വിലാസമില്ലാത്ത
ലോകനാഥനായി!!!
വിൽക്കാനുണ്ടെനിക്ക്
വിധി, എൻ വിലാപ
യാത്രയ്ക്കു മുൻപായി!!!



# കാത്തിരുപ്പ്

**-ദിൽന ബെന്നി**



ഇരുളിൻ്റെ മറനീക്കി ഉഷസുണർന്നു കിളികളുടെ ശബ്ദവും റോഡിലൂടെ കുട്ടികൾ സ്കൂളേക്ക് പോകുന്നതും എല്ലാം നോക്കി കൊണ്ട് വൃദ്ധസദനത്തിൻ്റെ ജനലഴികളിലൂടെ
ആ വൃദ്ധ പുറത്തേക്ക് നോക്കി നിന്നു .

കുറേയേറെ ഓർമ്മകൾ ആ വൃദ്ധയുടെ മനസ്സിലൂടെ കടന്ന് പോയി ആ ഓർമ്മകൾ വർഷങ്ങൾ പിറകോട്ടുള്ള ഒരു തിരിഞ്ഞ് നോട്ടമായിരുന്നു .

രാവിലെ മകനെ സ്കൂളിലേക്കും ഭർത്താവിനെ ജോലിക്കും അയയ്ക്കാനായി ഉള്ള കഷ്ടപ്പാടും അവർക്കായി അവരവർക്കിഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങൾ ഒരുക്കിയും ,മകനെ സ്കൂളിലേക്കും , വീട്ടിലേക്കും, കൊണ്ടുവരുന്നതും എല്ലാം അമ്മ തന്നെയായിരുന്നു.
അമ്മയ്ക്ക് മകനേയും മകന് അമ്മേയയും കാണാതെ ഒരു ദിവസം പോലും തള്ളി നീക്കാൻ കഴിയില്ലായിരുന്നു. എന്നാൽ കാലം



കടന്ന് പൊയപ്പോൾ മകന് അമ്മ യോടുള്ള സ്നേഹം കുറഞ്ഞു തുടങ്ങി അപ്പോഴും ആ മനസ്സിന് കൂട്ടായിരുന്നത് ഭർത്താവായിരുന്നു എന്നാൽ അത് ഏറെ കാലം നിലനിന്നില്ല. അയാളും അവരെ തനിച്ചാക്കി ഇനിയുമൊരിക്കലും തിരിച്ച് വരാൻ കഴിയാത്ത ദൂരത്തേക്ക് അയാൾ മറഞ്ഞുപോയി..

ഒറ്റപ്പെടലിന്റെ വേദന അവരെ കാർന്നു തിന്നു.
മകന്റെ കുത്ത് വാക്കുകൾ ആ അമ്മയുടെ

മനസ്സിൽ ഉണങ്ങാത്ത
മുറിവുകൾ സൃഷ്ടിച്ചു.
എപ്പോഴോ തന്റെ മനസ്സിന്റെ ചരട് തന്റെ
കൈകളിൽനിന്നും
നഷ്ടമാകുന്നതായി അവർക്ക്  തോന്നി.
അച്ഛന്റെ മരണത്തിന് ശേഷം അമ്മയിൽ വന്ന മാറ്റങ്ങൾ ആ
മകന്റെ മനസ്സിൽ
അമ്മയോടുള്ള  വെറുപ്പ് വർദ്ധിപ്പിച്ചു.
ആ വെറുപ്പ് അവസാനിച്ചതാകട്ടെ
വൃദ്ധസദനത്തിന്റെ കവാടത്തിനരികിൽ.
തന്റെ ജീവിതം  മുഴുവൻ മകനായി
മാറ്റി വച്ച
ആ അമ്മയെ
ഒരു കറിവേപ്പില പോലെ തന്റെ ജീവിതത്തിൽ നിന്ന് അയാൾ
പറിച്ചെറിഞ്ഞു .

ആ വൃദ്ധ  മെല്ലെ
ഓർമ്മകളുടെ മറ നീക്കി പുറത്ത് വന്നു.
അപ്പോഴും ആ വൃദ്ധയുടെ കണ്ണുകൾ വൃദ്ധസദനത്തിന്റെ
ജനലഴികളിലൂടെ പുറത്തേക്ക് ആയിരുന്നു
ആ അമ്മ  ആരുടേയോ
കാലൊച്ച  കേൾക്കാനായി കാതോർത്ത് നിന്നു ....
തന്നെ അന്വേഷിച്ച് ആരും വരില്ല  എന്ന് തിരിച്ചറിഞ്ഞിട്ടും ആ
അമ്മയുടെ സ്നേഹത്തിന്റെ ആഴം
മകൻ തിരിച്ചറിയുമെന്ന
പ്രതീക്ഷയുമായി ആ അമ്മ കാത്തിരിക്കുന്നു...

ചിമിഴ്

# ലഹരി അരങ്ങു വാഴുന്ന 'കേരളം



-റിയ മരിയ ജോർജ്ജ്

വർത്തമാന സമൂഹം മാറ്റങ്ങളുടെ പാതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുക- യാണ്.സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും നാം കേരളീയർ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ സമയത്താണ് ലഹരി മരുന്നിൻ്റെ മായിക ലോകത്തേക്ക് നമ്മുടെ യുവത അടിമകളാകുന്നത്. അതു നൽകുന്ന സുഖം പിന്നീടവർക്ക് അതില്ലാതെ പറ്റില്ല എന്ന




അവസ്ഥയിലേക്ക് നയിക്കുന്നു. ഒരുതവണത്തെ ഉപയോഗം അവരുടെ ജീവിതത്തെ എന്നന്നേക്കുമായി മാറ്റുന്നു. ഒരു ദിവസം തന്നെ എത്രയെത്ര ലഹരിമരുന്നു കേസുകളാണ് നമ്മുടെ ഈ കൊച്ചു കേരളത്തിൽ റിപ്പോർട്ടു ചെയ്യുന്നത്. റിപ്പോർട്ടു ചെയ്യാത്ത എത്രയെത്ര കേസുകളായിരിക്കുമുണ്ടായിരിക്കുകയെന്നു ദൈവത്തിനു മാത്രമേ അറിയൂ. ഈയിടയ്ക്കാണ് 6660 കിലോ കഞ്ചാവ് ഒരു ലോറിയിൽനിന്നും പിടികൂടിയത്.




ഇത്തരം വിൽപനക്കാർക്ക് ചെറിയ വിലയ്ക്കു ലഭിക്കുന്ന മയക്കുമരുന്ന് അവർ ഇവിടെ വലിയ തുകയ്ക്ക് വിൽക്കുന്നു. ഇതിൽ നിന്നു കോടികളുടെ ലാഭം കിട്ടുമ്പോൾ അവർ വീണ്ടും ഇതിനു മുതിരുന്നു. കൂടുതൽ കൂടുതൽ അളവിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കു കടത്തിക്കൊണ്ടുവരുന്നു.

പോലീസിൻ്റെ പിടിയിലായി ജയിലിലേക്ക്. പണത്തോടും സമ്പത്തിനോടുമുള്ള ആർത്തിയാണ് പലരേയും ഇതിലേക്കു നയിക്കുന്നത്. പിന്നീട് അവർ പിടിക്കപ്പെടുന്നു.

കേരളത്തിൽ കഴിഞ്ഞവർഷങ്ങളിലെ കണക്കു നോക്കുകയാണെങ്കിൽ ഇത്തരം കേസുകളിലെ വർധനവ് കാണാൻ സാധിക്കും. എന്തിന്, നമ്മുടെ സർക്കാർ പോലും ഇതിന്നെതിരെ ശക്തമായ് മുന്നോട്ട് വരാത്തത് ഖേദകരം തന്നെയാണ്. ലഹരിക്കെതിരെ ഘോര ഘോരം പ്രസംഗിച്ചിട്ട് അതിനെതിരായി ആത്മാർഥമായ ഒരു സമീപനം പോലും അവരുടെ ഭാഗത്തു നിന്നുണ്ടാകാത്തത്. കഷ്ടം തന്നെ. മുൻവർഷങ്ങളിലെ കണക്കുകൾ നോക്കുകയാണെങ്കിൽ ബാറുകളുടെ എണ്ണം ഗണ്യമായി വർധിച്ചിരിക്കുന്നതു

കാണാം. ഒരു വശത്ത് എതിർക്കുകയും മറ്റൊരു വശ- ത്തു അതിനെ പ്രോൽസാഹിപ്പിക്കു കയും ചെയ്യുന്നത് ഇരട്ടത്താപ്പാണ്. അവ ഇതിനെതിരെ ശക്തമായി നാം കേരളീയർ മുന്നോട്ടുവരണം. കാരണം ഈ കൊച്ചു കേരളം വിവിധങ്ങളായ ലഹരി മരുന്നുകളുടെ വലിയ ഒരു ഹബ്ബായി മാറിക്കൊണ്ടിരിക്കുകയാണ്.

ഓരോ ദിവസവും പുതിയ ലഹരി മരുന്നുകൾ രൂപപ്പെടുത്തിയെടുക്കുന്നു. വിദേശരാജ്യങ്ങളിൽ നിന്നുള്ളവർ വരെ കേരളത്തിലെ ഇടനിലക്കാർ വഴി ഈ മാരക ലഹരിവസ്തുക്കൾ ഉയർന്ന വിലയ്ക്കു വിൽക്കുന്നു.ഇത് എന്തു വില കൊടുത്തും വാങ്ങാൻ ചിലരും. പലരും രാത്രി കാലപാർട്ടികളുടെ മറവിൽ ലഹരി മരുന്നുകൾ വിൽപന നടത്തുന്നു.ആദ്യ ഉപയോഗം തന്നെ അവരെ മാറാരോഗി കളാക്കി മാറ്റുന്നു. "ഇത്




ഉപയോഗിച്ചാൽ എല്ലാം മറക്കുന്നു" എന്നു ചിലർ അവകാശപ്പെടുന്നു. എന്നാൽ ഇതു തങ്ങളുടെ ജീവിതത്തിലെ നിശ്ശബ്ദ കൊലയാളിയായി വരുമെന്ന് നമ്മുടെ യുവാക്കൾ മനസ്സിലാക്കുന്നില്ല. ഇത് വലിയൊരപകടം തന്നെ ക്ഷണിച്ചു വരുത്തുന്നു. അവർ മറ്റുള്ളവരെയും ഇതുപയോഗിക്കാൻ പ്രേരിപ്പിക്കുന്നു. പല മാതാപിതാക്കളും ഇത് തിരി ച്ചറിയാൻ വൈകുന്നു എന്നതാണ് മറ്റൊരു കാര്യം. സ്കൂൾ കുട്ടികളിലും ഇതിൻ്റെ ഉപയോഗം വർധിച്ചുക്കൊണ്ടിരിക്കുകയാണ്. ഇതിനു വേണ്ടി സർക്കാർ പല പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും തിരിച്ചറിയാൻ വൈകുന്തോറും അത് കൂടുതൽ സങ്കീർണമാകുന്നു.

സ്കൂൾ കുട്ടികളിലെ ഈ ഒരു മാറ്റം നമ്മിൽ വളരെയധികം ഞെട്ടലുളവാക്കുന്നതാണ്. അതിനാൽ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണങ്ങളിലും അതിനെതിരേയുള്ള പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കാളികളാക്കണം. നമുക്കും ഇതിനെതിരെയുള്ളപ്രവർത്തനങ്ങളിൽ പങ്കാളികളാകാം. നന്മയുള്ള, ലഹരിമുക്ത കേരളത്തിനായി പ്രവർ- ത്തിക്കാം.അതിനു വേണ്ടി അക്ഷീണം പ്രയത്നിക്കാം. ജീവിതമാകട്ടെ നമ്മുടെ യഥാർത്ഥ ലഹരി.

# അമ്മ

-ആവണി കെ ആർ



ഘടികാര ചക്രങ്ങൾ പുലർക്കാല -
മണിയിച്ച നേരത്തുണർന്നിരുന്നമ്മ
ളുമഞ്ഞു തുള്ളികളെ വെയിൽ കോരി
മാറ്റിയതറിഞ്ഞിരുന്നെന്നുമെൻ അമ്മ
തീ കൂട്ടി ചായവെച്ചെന്നെയുണർത്തിയ
സ്നേഹസ്വരൂപമാണമ്മ...
അച്ഛൻ വഴക്കടിച്ചകലുമ്പോഴെപ്പോഴും
തേങ്ങിക്കരഞ്ഞിരുന്നമ്മ...
ഉപ്പില്ല, മുളകില്ല, കറികൾക്ക്
രുചിയില്ല, കേട്ട് സഹിച്ചിരുന്നമ്മ
വിദ്യാലയം കഴിഞ്ഞണയുന്ന
നേരത്ത് വാതിൽക്കലെത്തിയോരമ്മ
ഓടിക്കിതച്ചെത്തി വാടിത്തളർന്നൊരാ
സമയത്തു പാലൂട്ടിയമ്മ
പനി പിടിച്ചെന്തിനോ വാവിട്ടു
കരയുന്ന നേരത്ത് ജീവനായമ്മ
സ്നേഹം പകുത്തിടും നേരത്ത്
കൈവിറയ്ക്കാത്തൊരാ വാത്സല്യമമ്മ
തന്നിഷ്ടമെന്നും മറന്നു വച്ചിട്ടങ്ങു
ജീവിതം തീർത്തയെന്നമ്മ...



അമ്മയ്ക്ക് തുല്യമീ അമ്മ മാത്രം
എന്നെ ഞാനാക്കി മാറ്റിയൊരമ്മ
എന്നെ ഞാനാക്കി മാറ്റിയെന്നമ്മ

ചിമിഴ്

# ഞങ്ങളും മനുഷ്യരാണ് --അനിശ്രി പി.എസ്



സീൻ-1

സ്ക്രൂൾ

കഞ്ഞിഅമ്മ & പിള്ളേര്‍

പ്രാർത്ഥന.

കുട്ടികൾ :

ഡാ വാടാ വാടാ
എന്തായി?
ഒന്നുമായില്ലെടാ
വെന്തില്ലാ.
കഞ്ഞി: ഡാ ഡാ പോടാ, ക്ലാസ്സിൽ പോടാ (അയ്യോ ഓടിക്കോ... )

ക്ലാസ്സിൽ

കഞ്ഞി സുശീലേ...
സുശീലേ.. കഞ്ഞി വെന്തില്ലേടി...
ആണോ വെന്തില്ലേ.
സുശു ഓടി, പിള്ളേര്‍ ഓടി പിറകിൽ സുശു & അമ്മ)
സുശു :ഓ എന്റെ അമ്മേ നിങ്ങക്ക് ഒരു നല്ല കൈലിയോ ബ്ലൗസോ ഇട്ടിട്ട വന്നൂടെ, എന്നെ നാണം കെടുത്താനായിട്ട് വന്നോളും.
അമ്മ : നല്ലത് വല്ലതും നിന്റെ അച്ഛൻ കൊണ്ടുവന്നു വച്ചിട്ടുണ്ടോടീ...
സുശു :നല്ലതൊന്നും ഇല്ലേൽ വല്ല പാടത്തും പണിക്ക് പൊക്കൂടെ...
(മോൾ പോയി..)
അമ്മ :അവക്ക് കുറച്ചിൽ, അമ്മ കഞ്ഞി വെപ്പുകാരിയായതുകൊണ്ട്. അതിനെയൊക്കെ എങ്ങനെയാ വളർത്തുന്നേന്ന് നമുക്കല്ലേ അറിയൂ.

സ്ക്രൂൾ വിട്ട്

സുശീലേ... കഞ്ഞി സുശീലേ
സുശു:എന്താടാ നിനക്കൊക്കെ...കഞ്ഞി വേണം

സുശു : ഞാൻ താരാടാ....
സുശീലേ കഞ്ഞി സുശീലേ
(അവർ ഓടുന്നു, അടിക്കുന്നു )

വീട്ടിൽ

അമ്മ: എടീ... അച്ഛന്റെ കൂടെ റേഷൻ കടയിൽ പോണം.
സുശു: അയ്യേ.. ഞാൻ ഒന്നും ഇല്ല. അമ്മയങ്ങ് പോയാൽ മതി.
അച്ഛൻ മുഷിഞ്ഞ കോലത്തിലായിരിക്കും പോവ്വാ. അപ്പം അമ്മ
കൂട്ട് പോയാൽ മതി.
അമ്മ : ആ മനുഷ്യൻ വയ്യാഞ്ഞിട്ടും നിന്നെയൊക്കെ
തീറ്റിപ്പോറ്റുന്നില്ലേടി, ഇതുതന്നെ കേൾക്കണം.
സുശു : അമ്മ എന്തൊക്കെ പറഞ്ഞാലും ഞാൻ പോവില്ല.
അമ്മ : മര്യാദയ്ക്ക് പൊക്കോണം ഇല്ലേൽ.
സുശു :ആ ഇതാ അമ്മേടെ ആണിക്കാരൻ വന്നല്ലോ.
അച്ഛൻ എന്താ അവിടൊരു ബഹളം?
അമ്മ : ഞാനിവളോട് നിങ്ങടെ കൂടെ റേഷൻ കടയിൽ പോകാൻ
പറയുവായിരുന്നു.
സുശു : അമ്മേ...
അമ്മ : എന്താടി... എന്തേ പോണില്ലേ..
സുശു : അമ്മേടെ കാര്യം പോട്ടെന്ന് വെക്കാം. അച്ഛനോ,
ഞാനിന്ന് സ്ക്കൂൾ വിട്ട് വരുന്ന വഴി അച്ഛനുണ്ട് മുഷിഞ്ഞ
തോർത്തുമുടുത്ത് ആ പണിക്കരെ പറമ്പീന്ന് വേലികെട്ടണ്.
കണ്ടാലേ അറയ്ക്കുന്ന കോലം. ബേ..
അമ്മ : ഹും അറക്ക്യണല്ലേ നിനക്ക്. പാടത്തും പറമ്പിലും
പണിയെടുത്തും വെലികെട്ടിയുമാടി നിന്നെയൊക്കെ ഇത്രേം
വളർത്തിയത്. എന്നിട്ടിപ്പം തന്തേനേം തള്ളേനേം അറയ്ക്കുന്നല്ലേ.
എന്നാൽ എവിടേലും കൊണ്ട് കളയടി.
സുശു :ഹാ കളയാട്ടാ.... ഹാ നൂറായിസാ ദാ അമ്മേടെ
ആണിക്കാരൻ വരുന്നു.
അച്ഛൻ : എന്താ അവിടൊരു ബഹളം?
ഏയ് ഒന്നുമില്ല, നിങ്ങളിരിക്ക്.
അച്ഛൻ : നീയാ സഞ്ചി ഇങ്ങെടുക്ക്, റേഷൻ കടയിൽ പോട്ടെ...
അമ്മ : ഇനി നാളെ പോകാന്നേ..
അച്ഛൻ: ഇന്ന് ശനിയാഴ്ചയല്ലേ ഇന്നുകൂടയേ അരിയുള്ളൂ...
അമ്മ : ഹാ അത് ഞാൻ മറന്നു. (അമ്മ അരിച്ചാക്ക് എടുത്ത്

വരുന്നു. എന്നിട്ട് മോളോട് പറയുന്നു )
അമ്മ : ഡീ ....നീ കൂടെ പോയേ...
സുശു : അയ്യേ ഞാനൊന്നും ഇല്ല.
അമ്മ : നിന്നോട് പോവാനല്ലേ പറഞ്ഞത്.
അച്ഛൻ : ഞാൻ പൊയ്ക്കോളാം.
അമ്മ : നിന്നോടല്ലേ പോവാൻ പറഞ്ഞെ (അടിക്കുന്നു )
സുശു : ഹാ ഞാൻ പോവാം.
(വഴിയിൽ വച്ച് അച്ഛന്റെ ചെരുപ്പ് അഴിയുന്നു )
സുശു : അച്ഛനീ പഴയ ചെരുപ്പൊക്കെ കൊണ്ട് കളഞ്ഞൂടെ...
അച്ഛൻ : അങ്ങനെ
പഴയതാന്നും വച്ച് അച്ഛനൊന്നും കളയാറില്ല.

<u>റേഷൻ കട</u>

(അച്ഛൻ - മോന്റെ അച്ഛൻ, അച്ഛൻ - സുശുവിന്റെ അച്ഛൻ )
മോൻ : ഹേ സുശീലയല്ലേ അത്?
സുശു : അയ്യോ അന്തപ്പൻ.
അച്ഛൻ : ആ ചേട്ടാ,ഈ ആഴ്ച്ചയെന്താ നേർത്തെ? പിന്നെ
പച്ചയരിയാണോ വേണ്ടേ? ഇത് നാളെ അടിപൊളി
പുഴുക്കലരിയാ...
മോൻ : എലി കടിച്ചതാണോ?
(അച്ഛൻ 1&2 മോനെ നോക്കുന്നു)
അച്ഛൻ 1: ഡാ ഇവിടെ വാടാ
അച്ഛൻ 2: സുശീലേ മോളെ സുശീലേ...
അച്ഛൻ 1: എന്താ കോരാ...
അച്ഛൻ 2: ഇത്രേം നേരം എന്റെ കൂടെ നിന്ന കുട്ടീനെ ഇപ്പം
കാണാനില്ലാ ഔസേപ്പേ...
അച്ഛൻ 2: ഈ കൊച്ചിന് ഇതുതന്നെയാ പണി.
ങേ..
സുശീലേ.. മോളെ സുശീലേ..
മോൻ : ചേട്ടാ ചേട്ടാ അപ്പം അരിയോ?
അച്ഛൻ 1: ഒന്ന് എടുത്ത് കൊടുക്കടാ അരി...
അച്ഛൻ 2: ഈ കൊച്ചിനു ഇതെന്നയാ പണി.
അച്ഛൻ 1: ഹേ...
അച്ഛൻ 1&2 : സുശീലേ മോളെ... (വിളിച്ചോണ്ടിരിക്കുന്നു )
മോൻ : ചേട്ടാ അപ്പം അരിയോ?
അച്ഛൻ 1: ഒന്ന് എടുത്ത് കൊടുത്തേ

അച്ഛൻ 1: ദാ നോക്ക് പിന്നെ അവിടെ നിൽക്കുന്നതാരാ? സുശൂ നാണം കുണുങ്ങി  നടന്നു വരുന്നു.
അച്ഛൻ 2: അച്ഛനെ പേടിപ്പിച്ചു കളഞ്ഞല്ലോടി നീ..
അച്ഛൻ 1: വാ അരി എടുത്ത് തരാം. (അവർ അരി എടുക്കാൻ പോകുന്നു )
മോൻ : എടി സുശീലേ... അതാരാ?
സുശൂ : അന്റെ വീടിനപ്പുറത്തുള്ളതാ
മോനെ : സത്യം പറയടി...
അച്ഛൻ 1: ഡാ നിന്ന് കഥകളി കളിക്കാതെ സാധനങ്ങൾ എടുത്ത് കൊടുക്ക്.
മോൻ : ഇതിനെ ഞാൻ ( കൈ ഉയർത്തി. അച്ഛൻ തിരിഞ്ഞ് നോക്കി, ചെവി പിടിച്ച്.)
അച്ഛൻ 2: എന്താ ഔസേപ്പേ ഈ കാണിക്കണേ..
(ചെവി പിടിച്ച്)
അച്ഛൻ 1:കോരാ നമ്മുടെ മക്കളെ തന്നേ പൊന്നേ എന്നൊക്കെ പറഞ്ഞ് വളർത്തീട്ട് ഒടുക്കം നമ്മളെ പൂത്ത റേഷനരി കൊണ്ട് കളയുന്ന പോലെ വല്ല തെങ്ങിൻ ചോട്ടിലും കൊണ്ടിടും.
(അവർ അരി വാങ്ങി തിരിച്ചു വീട്ടിലേക്ക് പോകുന്നു )

മോൾ : ഓ വല്ലേടത്തുന്ന് കല്യാണം നടന്ന് കിട്ടിയാ മതിയാർന്ന്. ഈ നരഗത്തീന്ന് രക്ഷപ്പെടായിരുന്ന്. ഇപ്പം എവിടേലും ഒളിച്ചും പാത്തും നിൽക്കേണ്ട അവസ്ഥയാ... അത് മാറിക്കിട്ടുമായിരുന്നു.
അച്ഛൻ : കല്യാണം.. ഏഹ്ം... അമ്പടി അവൾടെ ഒരു പൂതി കേട്ടില്ലേ... ചിലക്കാണ്ട് നടക്കടി....
(സുശൂ വേഗം ഓടി പോയി, അച്ഛൻ പതുക്കെ നടന്നു )
( സുശീല അഞ്ചാറോണം ക്രുടി ഉണ്ടു. അങ്ങനെയിരിക്കെയാണ് സത്യസന്ധനും സത്സ്വഭാവിയും സുന്ദരനുമായ ചെമ്പണ്ടക്കാരൻ ലക്ഷ്മണൻ പെണ്ണുകാണാൻ വന്നത് )
ലക്ഷ്മണൻ: ചുവക്കുന്നു. എന്റെ സങ്കൽപ്പത്തിലെ അതെ പെൺകുട്ടി.
സുശൂ : ഇത്രേം സുന്ദരനായ ആയ ഒരാൾ എന്തേ ഇത്രം നാൾ കല്യാണം ഒന്നും കഴിക്കാഞ്ഞേ..?
ലക്ഷ്മണൻ: ഇത്രേം സുശീലയായൊരു പെൺകുട്ടിയെ എനിക്കെന്തേ കാണാനായില്ല.
സുശൂ : പോ ഒന്ന്..

എനിക്ക് നാണം ആകുന്നു.
ലക്ഷ്മണൻ: ശേ അടി...
സുശു : ഇങ്ങോട്ട് വാ അടിക്കാൻ.
ലക്ഷ്മണൻ: ഇതാ നോക്കു നമുക്കാ മുന്തിരിത്തോപ്പിൽ രാപ്പാർക്കാം.
സുശു : ഹോ അതൊരു സിനിമയുടെ പേരല്ലേ
ലക്ഷ്മണൻ: സിനിമേ... ഞാൻ എഴുതിയ കവിതയാണ്.
സുശു : അയ്യോ കവിതയൊക്കെ എഴുതുന്ന ആളാണോ?
ലക്ഷ്മണൻ: പിന്നെ...
സുശു : ഞാൻ നന്നായി കണ്ണെഴുതും.
ലക്ഷ്മണൻ: ഓ... സുശു...( സുശു & ലക്ഷ്മണൻ സോങ്. സോങ് തീരാനാകുമ്പോ സദ്യ... സുശു & ലക്ഷ്മണൻ ഒരു മൂലയ്ക്ക് )
മോൻ : എടി കഞ്ഞി സുശീലേ ഇങ്ങ് വന്നേ   കുറച്ച് ഫോട്ടോ ഒന്ന് എടുക്കട്ടെ.
സുശു: എടാ ചെറുക്കന്റെ കൂടെവന്നവരൊക്കെ കേട്ടാ... ഒന്നാമതേ നൂറ് ചെവിയാ അവർക്ക്... കൂടെ പഠിച്ചതാണെന്നൊന്നും ഞാൻ നോക്കൂല....
(ലക്ഷ്മണൻ കസേര എടുത്തിട്ട് വരും )
ലക്ഷ്മണൻ: എടുത്തോ...
അച്ഛൻ 1:അവിടെ വെളിച്ചം ശരിയല്ല, ഇങ്ങോട്ട് നിൽക്കാം.

സീൻ - 2

അച്ഛൻ 2: എന്റെ ദൈവമേ ചോറ് തികയില്ല. നൂറ് നൂറ്റമ്പത് പേരെന്ന് പറഞ്ഞിട്ട് ആ ചെമ്പട്ട പഞ്ചായത്ത് മുഴുവൻ എഴുന്നള്ളിയിട്ടുണ്ട്.
( അമ്മ ഓടി വരുന്നു )
അമ്മ : ചോറ് തികയില്ല നമ്മളിനി എന്തോ ചെയ്യും?
ലക്ഷ്മണൻ: അച്ഛാ.. ഈ കസേര...
അച്ഛൻ 2: കുടുംബക്കാരുടെയും നാട്ടുകാരുടെയും മുന്നിൽ നാണം കെട്ടു.
ഔസേപ്പേ നീ റേഷൻ കട തുറക്ക് കുറച്ചു അരി എടുക്ക്, അടുപ്പത്തിരുന്ന് തിളക്കട്ടെ...
അച്ഛൻ 1: അരി തീർന്നിരിക്കുവാ മാഷേ നാളേ വരൂ....
അച്ഛൻ 2: നാണക്കേടാ നാണക്കേടാ എന്റെ മോൾടെ കല്യാണം...
അമ്മ : നമ്മളെന്തോ ചെയ്യും.

അച്ഛൻ 1: മാഷേ റേഷൻ കട മുഴുവൻ അരിച്ചു പെറുക്കിയാ
ഒരഞ്ചുപത്തു കിലോ അരികിട്ടും. മതിയോ?
എല്ലാവരും : ആം....
അമ്മ : അടുപ്പത്തിരുന്ന് തിളയ്ക്കട്ടെ...
(എല്ലാവരും ഓടി പിറകിൽ പോയി, സദസ്സിലേക്ക് )
സുശു.... സുശു.... (അച്ഛൻ വരുന്നു )
ലക്ഷ്മണൻ : അച്ഛാ..
അച്ഛൻ : എന്താ മോനെ?
ലക്ഷ്മണൻ: ഒരു ഫോട്ടോ... ...
അമ്മ : സമയമില്ലാത്ത സമയത്ത് ഫോട്ടോ എടുത്ത് കളിക്കുവാ...
നിങ്ങളിങ്ങ് വന്നേ...( അച്ഛൻ സദസ്സിൽ നിന്ന് പോകുന്നു )
ലക്ഷ്മണൻ: അമ്മയെ കൂട്ടത്തിൽ സങ്കടപ്പെടേണ്ട... അമ്മ കൂടെ വന്നേ...
അമ്മ : ആ മോനെ... ദേ വരുന്നു. ഈ തിരക്ക് ഒന്ന് കഴിയട്ടെ...
(അങ്ങനെ അമ്മയും പോകുന്നു )
ലക്ഷ്മണൻ: ഹേ... അച്ഛന്റെ ചെരുപ്പ്.
( ഈ സമയത്ത് സുശു കണ്ണട എടുക്കാൻ പോകുന്നു )
ലക്ഷ്മണൻ: അച്ഛാ ഇതാ ചെരുപ്പ്
( എല്ലാവരും പുറകിലേക്ക് പോകുന്നു. ഈ സമയം കണ്ണട എടുക്കാൻ പോയ സുശു തിരികെ വരുന്നു )
ലക്ഷ്മണൻ: സുശു.. നീ അന്ധയായോ?
സുശു : അന്ധയല്ല കുന്തം. ഈ നാട്ടുകാരുടെ മുന്നേ അല്ലെ പോണേ... കുറച്ചു പത്രാസ് കാണിക്കാന്നെ...
(സുശീല ലക്ഷ്മണൻ ദമ്പതിമാരുടെ ജീവിതം തടസ്സമില്ലാത്ത പുഴപോലെ ഒഴുകിക്കൊണ്ടേയിരുന്നു. അവർക്കിടയിലൊരു കുഞ്ഞു ജീവൻ പിറന്നു വീഴുകയും ചെയ്തു)

## സീൻ - 3

(സുശുവും കുഞ്ഞും വരുന്നു )
സുശു : മോനെ തക്കുടു വാവേ...
അമ്മേടെ മുത്താണെ...
(അച്ഛൻ വെള്ളം ആയി പതുക്കെ വരുമ്പോൾ വീണു. അപ്പോൾ അമ്മ പതുക്കെ ഓടി വന്നു പിടിച്ച് എഴുന്നേൽപ്പിക്കുന്നു)
സുശു : ഓ.... രാവിലെ തന്നെ തുടങ്ങി. ആ ഇരുട്ട് മുറിയിലെങ്ങാനിം ഇരുന്നാ പോരേ..!
എനിക്ക് രണ്ട് കൈയെ ഉള്ളൂ.. സ്നേഹത്തോടെ എന്റെ പൊന്ന്

മോൾടെ കാര്യങ്ങളെല്ലാം എനിക്ക് ശ്രദ്ധയോടെ നോക്കേണ്ടതാ...
അതെങ്ങനെയാ... എനിക്ക് പറ്റുവോ രണ്ടെണ്ണം ഉണ്ടല്ലോ
എവിടെ മനുഷ്യനെ മെനക്കെടുത്താനായിട്ട്... ( ഇതുകേട്ട് അച്ഛനും
അമ്മയും കരയുന്നു)
ലക്ഷ്മണൻ: എന്താ അവിടെ ഒരു ബഹളം? അയ്യോ അച്ഛനും
അമ്മയ്ക്കും എന്ത് പറ്റി? സുശ്രു എന്ത് പറ്റി...?
(അച്ഛനും അമ്മയും ഒന്നുമില്ലാ എന്ന് പറയുന്നു. സുശ്രു അവിടെ
അടുത്ത് കാസേരയിൽ ഇരിക്കുന്നു )
സുശ്രു : ആ എനിക്കറിയില്ല, അഭിനയമായിരിക്കും രണ്ടും കൂടെ..
(അച്ഛനും അമ്മയും കരയുന്നു )
അച്ഛൻ : മോനെ... ഞങ്ങളെയിപ്പം ഞങ്ങളെ മോൾക്ക് വേണ്ട....
അമ്മ : ഞങ്ങളെവിടേക്കെങ്കിലും പൊക്കോളാം.... നിങ്ങൾ
സന്തോഷത്തോടെ കഴിഞ്ഞാൽ മതി
അമ്മ & അച്ഛൻ : വല്ല തെരിവിലും കിടന്ന് ചത്തോളാം.
(ലക്ഷ്മണൻ എഴുന്നേറ്റ് സുശ്രുവിന്റെ നേരെ തിരിഞ്ഞു )
ലക്ഷ്മണൻ: നീ നീയിവരെ ശകാരിച്ചോ... കുറ്റപ്പെടുത്തിയോ...
അതോ വേദനിപ്പിച്ചോ...
സുശ്രു : എന്റെ പൊന്നോ അവിടെ ഒരു കലം വെള്ളം കൊണ്ട്
മറിച്ചു. അത് ഞാൻ ചോദിച്ചു. അത്രയേ ഉള്ളു.
ലക്ഷ്മണൻ: അത്രേ ഉള്ളൂ അല്ലേ... തന്റെ മകൾ അത്രത്തോളം
വേദനിപ്പിക്കാതെ അത് അതവരുടെ ഹൃദയത്തിൽ
അത്രത്തോളം തുളച്ചു കയറിയാ മാത്രമേ അവരിതുപോലെ
ചങ്കുപൊട്ടികരയുള്ളൂ
സുശ്രു : അയിന് ഞാൻ എന്താ ചെയ്തേ...
ലക്ഷ്മണൻ : നീ നീയൊന്നും ചെയ്തിട്ടില്ല, ചെയ്തതെല്ലാം ഇവരാ...
തെറ്റ്. നിന്നെ പോലെ ഒരു മകളെ വളർത്തിയ വലുതാക്കിയില്ലേ
അതാ അവർ ചെയ്ത തെറ്റ്. പൊറുക്കാൻ പറ്റുവോ നിനക്ക്.
സുശ്രു : അത് ഞാൻ... ഞാ...
ലക്ഷ്മണൻ : എടീ വയസ്സാകുമ്പോ മനുഷ്യരെല്ലാം മാസങ്ങൾ
പ്രായമുള്ള കൊച്ചു കുട്ടികളായിരിക്കും. ഇനി കുറച്ചു നാൾ കഴിയുമ്പോ
നിന്നെ പോലുമീ അച്ഛനമ്മയ്ക്കും ഓർമയുണ്ടാവില്ല. ആ അവസ്ഥ
നീ ഒന്ന് ഓർത്തു നോക്ക്. ആ നിമിഷമായിരിക്കും നീ മരിക്കാതെ
മരിക്കുന്ന നിമിഷം....
ഉപേക്ഷിക്കേണ്ടത് അച്ഛനെയും അമ്മയെയും
സഹോദരങ്ങളെയും അല്ല,നമ്മുടെ ദുർഗുണങ്ങളെയാണ്

പത്രാസും അഹങ്കാരവും എല്ലാം അടക്കി വാഴുന്ന നമ്മുടെ മനസ്സിനെയാണ്. ഇത് കാലം തെളിയിച്ച കഥയാണ്! കാലത്തിന്റെ കഥ!

# പ്രതീക്ഷ

-അമല ബിജു



ചിന്തയുടെ പടികളിൽ
"പ്രതീക്ഷയുടെ
പടികളിൽ ഉപവിഷ്ടയായി ഞാൻ
കാത്തിരിപ്പൂ

പ്രതീക്ഷയാൽ ന നഞ്ഞ ജാലകത്തിലേക്ക്
എൻ മിഴികൾ യാത്രയായി

ജയമോ തോൽവിയോ
തിരിച്ചറിയാതെ പ്രതീക്ഷയുമായാ
പടികളിൽ ഞാൻ......

മുഴുകിയ ചിന്തയിൽ പ്രതീക്ഷയായി
ഞാൻ ആകുലത നിറയു മീ
കൗമാരകാലത്തിൽ

ജീവിതം ബാക്കിയായ്
കത്തിജ്ജ്വലിക്കുമീ പ്രതീക്ഷയിൽ

കാലം കരുതിവച്ചതെന്തെന്നറിയാൻ

കാവിലെ പടികളിൽ ആകുലയായ്
ഞാൻ

യുദ്ധകോലാഹലം , ചതികൾ
നിറഞ്ഞൊരികാലഘട്ടം

ജീവിതയാത്രയിൽ ജയമോ
തോൽവിയോ എനിക്കായ് കാത്തിരിപ്പൂ

നേരിടുക അത് നേടിയെടുക്കുക ശക്തി
പകരു ഈശ്വരനെ

വൈദ്യുത ശക്തിപോൽ ആകുല
ചിന്തയാൽ ഞാൻ വലയുന്നു.

പ്രതീക്ഷകൾ ഏറെ ആഗ്രഹങ്ങൾ
ഇനിയും ഞാൻ വിസ്മരിച്ചില്ല

ജയമോ തോൽവിയോ ഇനി

ബാക്കിയെന്നാലും കൈവിടില്ല
പ്രതീക്ഷളെ എന്നമ്മയുടെ
ആഗ്രഹങ്ങളെയും
ആഗ്രഹങ്ങൾ ഞാൻ
നേടിയെടുക്കും

പ്രതീക്ഷ ഞാൻ കൈവിടില്ല, കൈവിടില്ല
ചിന്തയുടെ പടികളിൽ പ്രതീക്ഷയുടെ
പടികളിൽ
ഉപവിഷ്ടയായി ഞാൻ കാത്തിരിപ്പൂ
ആഗ്രഹങ്ങൾ അത് യാഥാർഥ്യമാകുമോ
എങ്കിലും പ്രതീക്ഷയെ ഞാൻ കൈവിടില്ല
കൈവിടില്ല



## വേദനയുടെ മടക്കയാത്ര

-അനിശ്രീ പി. എസ്



വെട്ടുകല്ലിന്റെ തണുപ്പും ചാണകം മണക്കുന്ന തറയുമുള്ള ഓല കൊണ്ടുള്ള മേഞ്ഞ വീടിനുള്ളിൽ ഒരു കുരുന്ന ജീവൻ തേങ്ങുന്നു. അമ്പലത്തിനുള്ളിൽ എന്ന പോലുള്ള ഒരു കുടിലാണ് അവളുടേത് എങ്കിലും അവളുടെ തേങ്ങലു പോലും പുറത്ത് ചട്ടി കഴുകുന്ന അമ്മ കേട്ടിരുന്നില്ല."അച്ഛാ അച്ഛനിനി എന്നാ വരിക മോളെ എന്ന വിളിക്കായി ഞാൻ ഇനി എത്രനാൾ കാത്തിരിക്കണം? എന്തേ അച്ഛൻ എന്നെ തിരിഞ്ഞു നോക്കാതെ ഒന്ന് കൈ ഉയർത്തി കാണിക്കാതെ  പോയി? അച്ഛൻ ഇനി തിരിച്ചുവരില്ലേ? "നിഴൽ മൂടിയ അവളുടെ മനസ്സിലെ ചോദ്യങ്ങൾക്കുള്ള ഉത്തരം മഴയായി അവളുടെ കവിളുകളിലൂടെ ഒലിച്ചു കൊണ്ടേയിരുന്നു. ഏതോ ബഌനയിൽ നിന്ന് ഞെട്ടി എഴുന്നേറ്റ പോലെ ചട്ടി കഴുകുന്നതിനിടയിൽ അമ്മ മോളെ വിളിച്ചു " മോളേ ഇങ്ങുവാ നീ എന്തിനാ ഇരുട്ട് മുറിയിൽ ഒറ്റയ്ക്ക് ഇരിക്കുന്നേ?" സ്വരത്തിന് ഒരു പകർച്ചയും ഇല്ലാതെ അവൾ ആ മുറിയിൽ നിന്നും മറുപടി ഓതുകണ്ടായി "ദേ വരുന്നു അമ്മേ, തൻറെ തൻറെ കള്ളി വെളിപ്പെടുത്താതിരിക്കാൻ അവൾ കഴിയുന്നത്ര അഭിനയിച്ചു.

ചുവന്ന് തുടുത്ത  കണ്ണുകൾ വീണ്ടും താമര പൊട്ടുപോലെ വിരിഞ്ഞു വീണ്ടും ആ മുഖത്ത് പുഞ്ചിരി വിടർന്നു. അമ്മയുടെ ചാരെ അവൾ വീണ്ടും ഒരു വിഷാദരോഗിയായി തന്നെ മാറി. അനുഭവസമ്പത്ത് ഇല്ലാത്ത ഒരു നായികയ്ക്ക് പറ്റിയ പറ്റ്. മനസ്സിനെ കുത്തി നോവിച്ച ചോദ്യങ്ങൾ മണി മണി പോലെ അവൾ അമ്മയോട് ചോദിച്ചു. അവളുടെ ചോദ്യങ്ങൾ അഭിമുഖ സംഭാഷണമായി, വാഗ്വാദങ്ങളായി, ഇടയ്ക്ക് പൊട്ടിത്തെറികൾ ആയി, എങ്കിലും അവൾ നിരന്തരമായി ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരുന്നു.

അവസാനമായി വന്ന അവളുടെ ചോദ്യം അമ്മയെ കുഴക്കി എന്ന് പറയാം സമാധാനത്തോടെ അമ്മയുടെ ചാരെ ഇരുന്നവൾ ചോദിച്ചു."അമ്മേ നമുക്ക് ഇപ്പോഴും എപ്പോഴും പട്ടിണി ഉണ്ട് .നമുക്ക് അച്ഛൻ പുറത്തുപോയി ജോലി ചെയ്തിട്ട് ഒരു മെച്ചവുമില്ല അച്ഛൻ എന്ത് ജോലിയാ ചെയ്യുന്നതെന്ന് പോലും നമുക്കറിയില്ല പിന്നെ എന്തിനാ അച്ഛൻ പോയത്"? അമ്മ ഒരു ദീർഘനിശ്വാസം എടുത്തു. ഏതോ ദൈവദൂതൻ എന്നപോലെ

അപ്പുറത്തുനിന്ന് മാളു വിളിച്ചുപറഞ്ഞു. "അമ്മു വാ വയലിൽ പോകാം എല്ലാവരും ഉണ്ടവിടെ ഉണ്ട്. അത് കേട്ടതും ഏതോ സ്വപ്നലോകത്തിൽ നിന്നെന്ന പോൽ

അവൾ ഞെട്ടി എഴുന്നേറ്റു. അമ്മ വീണ്ടും ഒരു ദീർഘ നിശ്വാസം പുറപ്പെടുവിച്ചു. അമ്മയുടെ മറുപടിക്കായി അവൾ അമ്മയുടെ മുഖത്തേക്ക് തന്നെ നോക്കി .എന്നാൽ അവൾ പ്രതീക്ഷിച്ച മറുപടി അല്ല അമ്മ നൽകിയത് .ഉം പോയിക്കോ ഒരുപാട് വൈകരുത് നിറഞ്ഞ ചിരിയോടെ ജയിൽ ചാടിയ പ്രതിയെ പോലെ അമ്മ പറഞ്ഞു. മകൾ വിമ്മിഷ്ട്ടത്തോടെ ഒരു അനാഥയെ പോലെ മുഖംതാഴ്ത്തി നടന്നു നീങ്ങുന്നു അമ്മ വീണ്ടും ഭജനയിൽ മുങ്ങുന്നു. നേരം ഒരുപാട് വൈകി. ഏറെ തളർന്ന് ഒരു കുട്ടി ഓടിക്കിതച്ചു വരുന്നത് കണ്ടാ അമ്മ നിന്നു. നേരം വൈകിയതിൽ അമ്മ പ്രതിഷേധിക്കുമെന്ന് കരുതിയ മകൾ കണ്ടത് അമ്മയുടെ മറ്റൊരു മുഖം."വേഗം പോയി കുളിക്ക് ചായയും കടിയും തിന്നാം മകൾ അത്ഭുതപ്പെട്ടുപോയി.

പാതിവിനും വിപരീതം അതും ഒരിക്കലും നടക്കില്ല എന്ന് താൻ സ്വപ്നത്തിൽ പോലും വിചാരിച്ച കാര്യങ്ങൾ അങ്ങനെ ആ കുടിലിലെ രണ്ടു ജീവനുകൾ പരസ്പരം എന്തൊക്കെയോ മറന്ന് ആനന്ദിക്കുകയും വാരിപ്പുണരുകയും ചെയ്തു നിലാവിൻറെ തൂവെള്ള മൂടി അവർ കണ്ണുകൾ അടച്ചു. വീണ്ടും പ്രഭാതം. എന്തോ പറയാൻ വിതുമ്പുന്ന പ്രഭാതം എന്നവൾ മനസ്സിൽ മന്ത്രിച്ചു .താൻ ഇന്ന് നേരത്തെ ഉണർന്നു എന്ന് അഭിമാനത്തോടെ അവൾ അമ്മൂടെ അടുക്കലേക്ക് നടന്നു. മുൻപിലേക്ക് ഒരടി വെച്ചതും അമ്മയുടെ നിലവിളി ശബ്ദം അവൾ കേട്ടു "എന്റെ ഭാസ്കരേട്ടാ".... താളം തെറ്റിയ മനസ്സുമായി അവൾ നമ്മുടെ അടുക്കലേക്ക് പറന്നു "എന്താ എന്താ അമ്മേ അച്ഛൻ വന്നോ?" എന്നു പറഞ്ഞവൾ മുഖമുയർത്തിയപ്പോൾ കണ്ടത് അയൽവക്കത്തുകാരുടെ ജാഥ.

അമ്മുടെ ചാരെ മാളുവിന്റെ അമ്മ ശാരദയും. കാര്യങ്ങൾ ഏറെക്കുറെ എന്തൊക്കെയോ അവൾ ഗ്രഹിച്ചു എങ്കിലും ഒരു മനപ്രയാസം."എന്താ അമ്മേ ഒന്നും പറയാഞ്ഞത് ചേച്ചി കാര്യം പറ മോളെ അത് അത്... ശാരദേച്ചിയുടെ പ്രയാസം മനസ്സിലാക്കിയ അമ്മ തുടർന്നു നിൻറെ അച്ഛൻ പോയി മോളെ ഇനി വരില്ല വരികയേയില്ല......" അതു കേട്ടവൾ പ്രതിമ പോലെ നിന്നും ഉറക്കത്തിലാണോ താൻ  എന്നോർത്ത് അവൾ തൻറെ കയ്യിൽ നുള്ളി നോക്കി അല്ല അത് സത്യമായിരുന്നു. പ്രഭാതവാർത്തയുമായി എത്തിയത് ശാരദ തന്നെ .എങ്ങനെ ദുരന്തം സംഭവിച്ചു എന്ന് ആർക്കും അറിയില്ല. എങ്കിലും കാര്യം സത്യമാണ്.

പത്തുമണിയാകുമ്പോൾ ശവം വരുമെന്ന് ക്രൂടി അവർ അറിഞ്ഞു. ശവം എത്തി. അച്ഛനെ കാത്തിരുന്ന മകൾക്ക് സമനില തെറ്റി. എങ്ങും മൂകത. നിലവിളികൾ പതിയിരുന്ന മൂകത. വെള്ളത്തുണിയിൽ മൂടിയിരുന്ന അച്ഛനെ അവൾ നോക്കിയില്ല.

എന്നും സന്തോഷത്തോടെ തന്നെ കാണാൻ എത്തുന്ന അവളുടെ അച്ഛൻറെ മുഖം ഒരു പ്രതിഷ്ഠയായി അവളുടെ മനസ്സിൽ ഉണ്ട്. അതിന് നിഴൽ വീഴ്ത്താൻ അവൾ ആഗ്രഹിച്ചില്ല. അവൾ വീണ്ടും ഓർത്തു "അച്ഛൻ എങ്ങനെ ഇത് സംഭവിച്ചു? അച്ഛൻ അച്ഛനെ ഇനി ഞാൻ കാത്തിരിക്കേണ്ടേ? അമ്മ എന്തിനാ കരയുന്നെ ? അച്ഛൻ പോയപ്പോൾ അമ്മ കരഞ്ഞില്ലല്ലോ തിരിച്ച് അച്ഛൻ വന്നപ്പോൾ എന്തിനാ കരയുന്നേ ?

# മഴ

പുലരിയോളം കാത്തിരുന്നു
പുതുമഴയൊന്നു കിട്ടാൻ
ഒടുവിലായ് മാരി പെയ്തു
ഇടതടവില്ലാത്ത പേമാരിയായ്
പുഴ കവിഞ്ഞു പുര നിറഞ്ഞു
മഴയും പുഴയും ഒന്നായി
ഇടയിലായുള്ളോരോ ജീവിതം
ശിഥല കിനാക്കളായ് മാറി
മുറ്റത്തുള്ളോരാ തേന്മാവ്
കടപുഴകി തൊടി കടന്ന്
അകലെയായ്... കടലിലായ്...
ഹൃദയങ്ങൾ കനിവു തേടുന്നു
അകലെയായി മഴമേഘ പാളി
അടർന്നടന്ന് ശമിക്കാതെ...
അരുതേയരുതേ പകയ രുതേ
അഴലകറ്റി കനിവേകണേ..

അഞ്ജന കെ ആർ..



# ഭൂമിയുടെ നൊമ്പരം

എന്നെ താങ്ങി നിർത്തുന്ന
എന്നെ സ്നേഹത്തോടെ തലോടുന്ന അമ്മ
എൻ ഭൂമി
സ്നേഹത്താൽ ചേർത്ത് പിടിക്കുന്ന
അച്ഛനെ പോലെ
ജീവിതത്തിലെ തണലായ അമ്മയെ പോലെ
എൻ ഭൂമി

കേൾക്കുവാൻ കാതു കൊടുത്താൽ
കൂട്ടുകാരനെ പോൽ കൂട്ടുകാരിയെ പോൽ
കൂട്ടാകുന്ന ഭൂമി
ആ ഭൂമിയുടെ വേദന
ആ ഭൂമിയുടെ നൊമ്പരം
മാലിന മായ തന്നെ
ഒന്ന് സംരക്ഷിക്കാൻ
കൈപിടിച്ച് ഉയർത്താൻ
ആരുമില്ലാത്ത തേങ്ങലിൽ കരയുന്നഎൻ ഭൂമി..

അയോണ സജീവ്.



# മനുഷ്യനാൽ പിറന്ന കൊലയാളി

*സാമൂഹ്യ മാധ്യമങ്ങൾ

നമ്മുടെ ഇന്നത്തെ കാലഘട്ടത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് സാമൂഹ്യ മാധ്യമങ്ങൾ അഥവാ സോഷ്യൽ മീഡിയ. ഇന്ന് നാമെല്ലാവരും ഈ സോഷ്യൽ മീഡിയയുടെ അടിമകളായി മാറിക്കൊണ്ടിരിക്കുകയാണ് .എല്ലാ കാര്യങ്ങൾക്കും അതിന്റേതായ നന്മ തിന്മകൾ ഉണ്ടാവും. അതുപോലെ തന്നെയാണ് സോഷ്യൽ മീഡിയയും. അതിനും നല്ലതും ചീത്തയുമായ വശങ്ങൾ ഉണ്ട് .എന്നാൽ നാം പലപ്പോഴും അതിൻറെ നല്ല വശങ്ങൾ മാത്രമേ കാണാറുള്ളൂ. ചീത്ത വശങ്ങൾ നമുക്കായി ഒരുക്കുന്നത് ചതിക്കുഴികൾ മാത്രമാണ്. നമ്മളിൽ പലരും അത് അറിയാതെ ആ ചതിക്കുഴിയിലേക്ക് കുഴികളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയായിരിക്കും.

സാമൂഹ്യ മാധ്യമങ്ങൾ കുട്ടികളിൽ വരുത്തുന്ന മാറ്റങ്ങൾ

സാമൂഹ്യ മാധ്യമങ്ങളുടെ അമിത ഉപയോഗം മൂലം കുട്ടികളിലും പലപ്പോഴും മുതിർന്നവരിൽ പോലും ശാരീരികമായ അസ്വസ്ഥതകൾ ഉണ്ടാക്കിയേക്കാം. സ്മാർട്ട് ഫോൺ ,കമ്പ്യൂട്ടർ തുടങ്ങിയവയുടെ അമിതോ ഉപയോഗം മൂലം കുട്ടികളിൽ മാനസികവും ശാരീരികവുമായ വൈകല്യങ്ങൾ ഉണ്ടാക്കുന്നു. കുടുംബ തകർച്ച , സ്വഭാവ വൈകല്യങ്ങൾ, പഠന തകർച്ച, ഉയർന്ന മാനസിക സമ്മർദ്ദം, അസംതൃപ്തി, സന്തോഷക്കുറവ് എന്നീ സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം മൂലം നാം എത്തിച്ചേരുന്നു.

അമിതമായ സോഷ്യൽ മീഡിയ ഉപയോഗം ആകാംക്ഷ, ഉത്കണ്ഠ, സുരക്ഷിത ബോധമില്ലായ്മ, കഠിനമായ നിരാശ, ശ്രദ്ധക്കുറവ്, എന്നിവയിലേക്ക് നയിക്കുന്നതായി മനശാസ്ത്ര വിദഗ്ധർ അഭിപ്രായപ്പെടുന്നു.

സമൂഹത്തിന്റെ പൊതുവേദിയായും പലവിധ ഗ്രൂപ്പുകളിലെ അംഗങ്ങളും ഉൾപ്പെടുന്ന പ്രത്യേക വേദിയായും ഇന്റർനെറ്റും സാമൂഹ്യ മാധ്യമങ്ങളും മാറിയിട്ടുണ്ട്. എന്നിരുന്നാൽ തന്നെയും ഇൻറർനെറ്റിലും സാമൂഹ്യമാധ്യമങ്ങളിലും ഗുണങ്ങളെ പോലെ തന്നെ ദോഷങ്ങളും ഉണ്ട്. സോഷ്യൽ മീഡിയ ഉപയോഗത്തിനുള്ള പ്രായം നിശ്ചയിച്ചിരിക്കുന്നത് 13 വയസ്സാണ്. എന്നാൽ 18 വയസ്സ് വരെ പ്രായമുള്ളവർക്ക് സോഷ്യൽ മീഡിയ

ഉപയോഗിക്കുന്നത് സുരക്ഷിതമല്ല എന്നാണ്  വിദഗ്ധഭിപ്രായം.
സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും വർദ്ധിക്കുന്നതായി ആണ് കണ്ടെത്തിയിരിക്കുന്നത്. ഇവയുടെ ഉപയോഗം പല കുട്ടികളിലും ഒരു ലഹരിയായി തീർന്നിട്ടുണ്ട്. ഉയർന്ന മാനസിക സമ്മർദ്ദവും,ഏകാന്തതയുംആത്മഹത്യാ പ്രവണതയും എല്ലാം സോഷ്യൽ മീഡിയയുടെ അമിത ഉപയോഗത്തിലൂടെ സംഭവിക്കുന്നുണ്ട്. അശ്ലീലവും,  മതഭ്രാന്തു- മെല്ലാം സോഷ്യൽ മീഡിയയിലൂടെ നിയന്ത്രണം ഇല്ലാതെ പ്രചരിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ സാമൂഹ്യ സുരക്ഷിതത്വം ഇല്ലാതെ അരാജകത്വത്തിലേക്കും അക്രമത്തിലേക്കും സമൂഹത്തെ കൊണ്ടുപോകും.

* സോഷ്യൽ മീഡിയയുടെ അമിത ഉപയോഗത്തിൽ നിന്നും നമുക്ക് വിടുതൽ നേടാം

സോഷ്യൽ മീഡിയയിൽ അകപ്പെടുക എന്നത് വളരെ എളുപ്പമുള്ള ഒന്നാണ്. എന്നാൽ അതിൽ നിന്നും വിടുതൽ നേടുക എന്നത് തടസമേറിയ ഒന്നാണ്. കാരണം, ഇന്റർനെറ്റ് കിട്ടാതെ വരുമ്പോൾ മദ്യം ലഭിക്കാത്ത കുടിയന്മാരെ പോലെ വിഭ്രാന്തി കാണിക്കുന്നവരുണ്ട്. ഇതൊക്കെ അതിനോടുള്ള ആസക്തിയുടെ തെളിവുകളാണ്. ഇങ്ങനെ മുന്നോട്ട് പോയാൽ ഇനി വളർന്നുവരുന്ന  തലമുറയ്ക്ക് യഥാർത്ഥ ലോകവും വെർച്ചൽ ലോകവും തമ്മിൽ വേർപ്പെടുത്താനാവാത്ത അവസ്ഥയിലേക്ക് കുട്ടികൾ മാറിയേക്കാം. സോഷ്യൽ മീഡിയയുടെ അമിതോപയോഗത്തിൽ നിന്നും വിടുതൽ നേടാനായി നാം ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1) സോഷ്യൽ മീഡിയ ഉപയോഗത്തെക്കുറിച്ച് ഓരോരുത്തരും സ്വയം തീരുമാനമെടുത്ത് വിവേകത്തോടെ പ്രവർത്തിക്കുക.
2) കൃത്യസമയത്ത് ഉറങ്ങുക. ഉറങ്ങുമ്പോൾ ഫോണും അനുബന്ധ ഉപകരണങ്ങളും അകറ്റി വയ്ക്കുക.
3) ഒരു ദിവസം ചെയ്യേണ്ട കാര്യങ്ങൾക്ക് ഒരു സമയക്രമം തയ്യാറാക്കുക.
4) ഇൻറർനെറ്റ് സ്മാർട്ട്ഫോൺ തുടങ്ങിയവയുടെ ഉപയോഗത്തിന് ഒരു പരിമിതമായ സമയം നിശ്ചയിക്കുക.

ഈ പറഞ്ഞ കാര്യങ്ങൾ എല്ലാം ശ്രദ്ധിച്ച്

സോഷ്യൽ മീഡിയ എന്ന ആശക്തി അകറ്റിനിർത്തി നമുക്ക് മുന്നേറാം നമ്മുടെ നല്ല സ്വപ്നങ്ങൾക്ക് ഒരിക്കലും ഇത് ഒരു തടസ്സമാകരുത് . ഞാനൊരിക്കലും സോഷ്യൽ മീഡിയയുടെ ചതിക്കുഴികളിൽ  അകപ്പെടില്ല എന്ന ആത്മവിശ്വാസത്തോടെ, ജീവിതത്തിലെ നല്ല നല്ല പ്രതീക്ഷകളെ ഉണർത്തിക്കൊണ്ട് നമ്മുടെ ജീവിതത്തെ നമുക്ക് മുന്നോട്ട് നയിക്കാം.

സോഷ്യൽ മീഡിയയുടെ ചതിക്കുഴിയിൽ വീഴാത്ത പുതുഭാവിയെ കുറിച്ച് സ്വപ്നം കാണുന്ന പുതുതലമുറയെ വളർത്തിയെടുക്കാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു, ആശംസിക്കുന്നു.

നമ്മുടെ ജീവിതത്തെ നമുക്ക് ചിട്ടപ്പെടുത്താം... നല്ല നാളേക്ക്..

ഡോണ തെരേസ



# വെള്ളം

ഒരു തുള്ളി ജലത്തിനായ്
കാത്തോരു നാൾ
ഞാൻ ഓടിയാ മുറ്റത്തിൽ
അരുകിലെത്തി
ഉണങ്ങിയ ആ ചില്ലകൾക്കിടയിലൂടെ
ആകാശത്തേക്കു ഞാൻ
നോക്കി നിന്നു
അപ്പോൾ ഞാൻ കണ്ടു
ആകാശത്തൊരുപാട് കാർമേഘ-
രൂപങ്ങളെ
ആ നിമിഷം ഞങ്ങൾ തൻ
മനസ്സിൽ ആനന്ദമായ്
ഒരു തുള്ളി ജലമെൻ
നെറ്റിയിൽ ചുംബിച്ചു
ആ നിമിഷം എൻ മനം കുളിർന്നു.

ജ്യോതിക ജയകുമാർ





അനഘ എ.എസ്



ചിമിഴ്

# നന്ദി

ഞങ്ങളെ കൈപിടിച്ച് ഈ
വിജയത്തിലേക്ക് നയിച്ച ഞങ്ങളുടെ ലിറ്റിൽ
കയറ്റിലെ കൂട്ടുകാർക്കും ഞങ്ങളെ ഇതു
നിർമ്മിക്കാൻ സഹായിച്ച പ്രിയ
അധ്യാപകർക്കും പ്രിയ സുഹൃത്തുക്കൾക്കും
ആസ്വാദകർക്കും ഹൃദയപൂർവ്വം
നന്ദി

ചിമിഴ്